# കോഡൂർ ഗ്രാമപഞ്ചായത്ത്

# ബജറ്റ്


## 2026 – 2027

# KODUR

DISTRICT NAME :MALAPPURAM


Delimitation Commission, Kerala


Date : 13-10-2025









# വികസന സ്ഥിതി വിശേഷം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കോഡൂര് |
| വില്ലേജ് | : | കോഡൂർ |
| ബ്ലോക്ക് | : | മലപ്പുറം |
| താലൂക്ക് | : | പെരിന്തൽമണ്ണ |
| അസംബ്ലി മണ്ഡലം | : | മലപ്പുറം |
| ജില്ല | : | മലപ്പുറം |
| പഞ്ചായത്ത് വിസ്തീർണ്ണം | : | 18.42 ച.കി.മി |
| ജനസംഖ്യ | : | 45472 |
| പുരുഷൻമാർ | : | 21681 |
| സ്ത്രീകൾ | : | 23791 |
| പട്ടികജാതി | : | 1061 |
| വാർഡുകൾ | : | 23 |
| വനിത സംവരണ വാർഡുകൾ | : | 12 |
| പട്ടികജാതി സംവരണ വാർഡുകൾ | : | 1 |

## കോഡൂർ ഗ്രാമപഞ്ചായത്ത്
## ഭരണ സമിതി

| | |
|---|---|
| പ്രസിഡന്റ് | സി പി ഷാജി |
| വൈസ് പ്രസിഡന്റ് | ജുമൈല വി |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) | കെ എം സുബൈർ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) | ഡോ. സജ്നമോൾ ആമ്യൻ |
| ചെയർപേഴ്സൺ (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി) | മച്ചിങ്ങൽ മുഹമ്മദ് |

**<u>വാർഡ്മെമ്പർമാർ</u>**

| | |
|---|---|
| റംസീന കളപ്പാടൻ (വാർഡ് 1) | സബ്ന (വാർഡ് 2) |
| ഹാരിഫ റഹ്മാൻ (വാർഡ് 3) | ആബിദ പി കെ (വാർഡ് 5) |
| നദീറ ടി (വാർഡ് 6) | ഹഫ്സത്ത് തറയിൽ (വാർഡ് 7) |
| അസ്ലം അലി കെ എം (വാർഡ് 8) | നജ്മ കിളിയണ്ണി (വാർഡ് 9) |
| ഷഹാന ഷെറിൻ (വാർഡ് 10) | യൂസുഫ് (വാർഡ് 11) |
| മാരിയത്തുൽ കിബ്ത്തിയ്യ (വാർഡ് 12) | ഷൗക്കത്തലി ഇട്ടിക്കുളങ്ങര (വാർഡ് 14) |
| ഫൗസിയ (വാർഡ് 15) | അബ്ദുൾ റസാഖ് വില്ലൻ (വാർഡ് 16) |
| മുഹമ്മദ് മുസ്തഫ കെ വി (വാർഡ് 18) | റീന (വാർഡ് 21) |
| സി കെ നീല കണ്ഠൻ (വാർഡ് 22) | ഫാസിൽ കരീം (വാർഡ് 23) |
| രാകേഷ് മോഹൻ . എം (സെക്രട്ടറി) | |

# കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ



സി പി ഷാജി
പ്രസിഡന്റ്



ജുമൈല വി
വൈസ് പ്രസിഡന്റ്



കെ എം സുബൈർ
(വികസന സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർപേഴ്സൺ)



ഡോ. സജ്നമോൾ ആമ്യൻ
(ക്ഷേമ കാര്യ സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർപേഴ്സൺ)



മച്ചിങ്ങൽ മുഹമ്മദ്
(ആരോഗ്യ വിദ്യാ ഭ്യാസസ്റ്റാന്റിംഗ്
കമ്മിറ്റി ചെയർപേഴ്സൺ)



റംസീന കളപ്പാടൻ
മെമ്പർ (വാർഡ് 1)



സബ്ന
മെമ്പർ (വാർഡ് 2)



ഹാരിഫ റഹ്മാൻ
മെമ്പർ (വാർഡ് 3)



ആബിദ പി കെ
മെമ്പർ (വാർഡ് 5)



നദീറ ടി
മെമ്പർ (വാർഡ് 6)



ഹഫ്സത്ത് തറയിൽ
മെമ്പർ (വാർഡ് 7)



അസ്ലം അലി കെ എം
മെമ്പർ (വാർഡ് 8)



നജ്മ കിളിയണ്ണി
മെമ്പർ (വാർഡ് 9)



ഷഹാന ഷെറിൻ
മെമ്പർ (വാർഡ് 10)



യൂസുഫ്
മെമ്പർ (വാർഡ് 11)



മാരിയത്തുൽ കിബ്ത്തിയ്യ
മെമ്പർ (വാർഡ് 12)



ഷൗക്കത്തെലി ഇ
മെമ്പർ (വാർഡ് 14)



ഫൗസിയ വില്ലൻ
മെമ്പർ (വാർഡ് 15)



അബ്ദുൾ റസാഖ് വില്ലൻ
മെമ്പർ (16)



മുഹമ്മദ് മുസ്തഫ കെ വി
മെമ്പർ (വാർഡ് 18)



റീന
മെമ്പർ (വാർഡ് 21)



സി കെ നീലകണ്ഠൻ
മെമ്പർ (വാർഡ് 22)



ഫാസിൽ കരീം
മെമ്പർ (വാർഡ് 23)



രാകേഷ് മോഹൻ എം
സെക്രട്ടറി

| പാർലമെന്റ്, നിയസഭ, ജില്ല, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | |
|---|---|
| ലോക് സഭാ അംഗം | ഇ ടി മുഹമ്മദ് ബഷീർ |
| നിയമസഭാ അംഗം | ഉബൈദുള്ള പി |
| ജില്ലാപഞ്ചായത്ത് അംഗം | കെ വി മുഹമ്മദാലി |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | റജുല പെലത്തൊടി (പ്രസിഡന്റ്)<br>മുഹ്സിന് എം കെ<br>കുഞ്ഞീതു എൻ |

## നിർവ്വഹണ ഉദ്യോഗസ്ഥന്മാർ

| മേഖല | പേര് | പദവി | ഫോൺ |
|---|---|---|---|
| ഭരണ നിർവ്വഹണം<br>കണക്കുകൾ, രേഖകൾ | രാകേഷ് മോഹൻ എം | സെക്രട്ടറി | 9447645539 |
| കൃഷി | അർഷദ് നാലകത്ത് | കൃഷി ഓഫീസർ | 9497404735 |
| ആരോഗ്യം | ഡോ : മുഹമ്മദ് മുസ്തഫ | മെഡിക്കൽ ഓഫീസർ | 9497048291 |
| ആരോഗ്യം | ഡോ. നിത്യ പി | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ ഡിസ്പെൻസറി) | 6238665689 |
| ആരോഗ്യം | ശരീഫ ടി കെ | മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദ ഡിസ്പെൻസറി) | 9961289126 |
| മൃഗസംരക്ഷണം, ക്ഷീരവികസനം | ഡോ. ആശ്ലിൻ മൈക്കിൾ | വെറ്ററിനറി സർജൻ | 8593969090 |
| പൊതുമരാമത്ത്, ഊർജ്ജം | ഗാർഗി എസ് | അസി. എഞ്ചിനീയർ | 8592925648 |
| വിദ്യാഭ്യാസം, കല, സംസ്കാരം | വിജയൻ വി കെ | ജി എം യു പി സ്കൂൾ<br>(ചെമ്മങ്കടവ്) | 9847754838 |
| സാമൂഹ്യക്ഷേമം (സ്ത്രീകൾ, ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ) | മുഹ്സിന സി എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7034725729 |
| ദാരിദ്രലഘൂകരണം (ഭവന നിർമ്മാണം, ചെറുകിട വ്യവസായം) | സ്മിത ടി എസ് | വി.ഇ.ഒ | 8301006162 |
| കുടിവെള്ളം, ശുചിത്വം | ഗാർഗി എസ് | അസി. എഞ്ചിനീയർ | 8592925648 |
| പട്ടികജാതി വികസനം | ബിന്ദു ബി | അസി. സെക്രട്ടറി | 7907684695 |
| ക്ഷീര വികസനം | അബ്ദുൾ ഷുക്കൂർ | ഡി എഫ് ഐ | 9746116686 |
| ഫിഷറീസ് | വൈശാഖ് കെ | എക്സ്റ്റൻഷൻ ഓഫീസർ | 8089957766 |

കോഡൂർ ഗ്രാമപഞ്ചായത്ത്

# ബജറ്റ്

2026 – 2027

# <u>ബജറ്റ് പ്രസംഗം</u>

(സി.പി.ഷാജി, പ്രസിഡൻറ്, കോഡൂർ ഗ്രാമപഞ്ചായത്ത്)

മാറുന്ന ലോകത്തിനൊപ്പം സഞ്ചരിക്കുക എന്നതാണ് നിലവിലെ വികസനത്തിന്റെ പ്രധാന അളവുകോൽ. ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കേണ്ടത് അടിസ്ഥാന തട്ടിൽ പ്രവർത്തിക്കുന്ന പ്രാദേശിക സർക്കാരുകളാണ്. വിപുലമായ അധികാരങ്ങളും വിശാല പ്രവർത്തനമേഖലകളുമുള്ള പ്രാദേശിക സർക്കാരുകളായി മാറിക്കഴിഞ്ഞ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെയില്ലാത്ത വിധം ഭാരിച്ച ചുമതലകൾ ഏറ്റെടുത്താണ് ഈ ഘട്ടത്തിൽ പ്രവർത്തിച്ചു വരുന്നത്. 2001 കേരളത്തിലെ നഗരജനസംഖ്യ 25.96% മാത്രമായിരുന്നത് 2011ൽ 47.72ശതമാനമായി ഉയർന്നു. 2025 –ാടെ കേരളത്തിൽ ജനസംഖ്യയുടെ 70% നഗരവാസികൾ ആയിരിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. നഗരവൽക്കരണത്തിൻറെ തോത് സംസ്ഥാന ശരാശരിയിലും ഉയർന്നു നിൽക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഇത് ശുചിത്വ, മാലിന്യപരിപാലന രംഗങ്ങളിൽ കൂടുതൽ ഊന്നൽ അനിവാര്യമാക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി പ്രകൃതിദുരന്തങ്ങളുടെ തീവ്രതയും ആവൃത്തിയും വർദ്ധിച്ചിരിക്കുന്നു. ഇതിനെതിരായ ജാഗ്രതയും അവബോധവും മാത്രമല്ല, വിശദമായ കർമ്മപദ്ധതിയും പ്രാദേശിക തലത്തിൽ ഉണ്ടാകേണ്ടതുണ്ട്. ആർട്ടിഫിഷ്യൻ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വ്യത്യസ്ത സാമൂഹ്യ പശ്ചാത്തലത്തിൽ നിന്നുള്ളവരേയും വ്യത്യസ്ത പ്രായവിഭാഗക്കാരേയും സജ്ജരാക്കുക എന്നുള്ളതാണ് സവിശേഷ ഊന്നൽ ആവശ്യമുള്ള മറ്റൊരു മേഖല. വിവരശേഖരണവും സംസ്കരണവും ശാസ്ത്രീയമായ വിവരവിന്യാസവുമാണ് പുതിയ കാലത്തെ ഭരണ പ്രക്രിയയുടെ മുഖമുദ്ര. അസറ്റുകൾ സംബന്ധിച്ച വിവരങ്ങൾ കാലികമാക്കൽ, വസ്തുനികുതി പരിഷ്കരണം, ശുചിത്വ, മാലിന്യ പരിപാലന സംവിധാനങ്ങൾ സാർവ്വത്രികമാക്കൽ തുടങ്ങിയ തന്ത്രപ്രധാന പ്രവർത്തനങ്ങളിൽ ശാസ്ത്രീയ, വസ്തുനിഷ്ഠ വിവരങ്ങളെ ആശ്രയിച്ചേ മതിയാകൂ. ഇതിന് സമാന്തരമായി അതിദാരിദ്ര്യ നിർമാർജനം, പാർപ്പിട സുരക്ഷ പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, മാലിന്യ പരിപാലനം, ഡിജിറ്റൽ സാക്ഷരത എന്നീ രംഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മാനവവികസന സൂചികകളിലെ കേരളത്തിന്റെ മികവും മേൽക്കൈയും നിലനിർത്തുക എന്നതാണ് നമ്മുടെ നാട്, കക്ഷി രാഷ്ട്രീയ വ്യത്യാസങ്ങൾക്കും പ്രാദേശിക പരിഗണനകൾക്കും അതീതമായി, സർവ്വാത്മനാ അംഗീകരിച്ച വികസന കാഴ്ചപ്പാട്.

നിരന്തര നവീകരണം മുഖമുദ്രയാക്കിയ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ മികവിൻറെ പുതിയ ഔന്നത്യങ്ങൾ കീഴടക്കിയിരിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നയചട്ടക്കൂടിനുള്ളിൽ, മറ്റ് പ്രാദേശിക സർക്കാരുകൾക്കൊപ്പം കൈകോർത്ത് ഉറച്ച ചുവടുകളോടെ, നമ്മുടെ പഞ്ചായത്തും മുന്നേറുകയാണ്. പദ്ധതിനിർവഹണം, നികുതിപിരിവ്, സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിൽ പുലർത്തുന്ന നിഷ്കർഷ എന്നിവയിൽ

നമ്മുടെ മികവ് ശ്രദ്ധേയമാണ്. ആവശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ തക്ക വിഭവങ്ങൾ നമുക്കില്ല. കൂടുതൽ ചുമതലകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റപ്പെട്ടതിനാൽ വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത കൂടുതൽ സങ്കീർണമാകും. പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന നികുതിയെ മാത്രം ആശ്രയിച്ച് പഞ്ചായത്തുകൾക്ക് നിലനിൽക്കാൻ സാധിക്കില്ല. മറ്റു വരുമാന സ്രോതസ്സുകൾ കൂടി കണ്ടെത്തേണ്ടി വരും. ഇതിനായുള്ള നടപടി അനിവാര്യമാണ്. കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് (പട്ടിക 3) വ്യവസ്ഥപ്പെടുത്തിയ 27 അനിവാര്യ ചുമതലകളും 14 പൊതു ചുമതലകളും 19 മേഖലകളെ സ്പർശിക്കുന്ന വിവിധങ്ങളായ ചുമതകളും ഉൾക്കൊള്ളുന്ന സമഗ്ര ആസൂത്രണത്തിലൂടെ പഞ്ചായത്തിനെ സർവ്വസജ്ജമായ പ്രാദേശിക സർക്കാരാക്കി മാറ്റാൻ പര്യാപ്തമായ വിഭവങ്ങൾ ലഭ്യമാകേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്ന വികസന ഫണ്ട് വിഹിതമാണ് പഞ്ചായത്തിൻ്റെ പ്രധാന വിഭവസ്രോതസ്. കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ, കേന്ദ്ര, സംസ്ഥാന സർക്കാർ സ്കീമുകളുടെ ഭാഗമായി ലഭിക്കുന്ന വിവിധ ഫണ്ടുകൾ, പഞ്ചായത്തിൻ്റെ തനതുവരുമാനം എന്നിവ ഉപയോഗപ്പെടുത്തിയുള്ള ശാസ്ത്രീയമായ പദ്ധതിസംയോജനത്തിലൂടെ വിഭവ പരിമിതി മറികടക്കാനാണ് നിലവിൽ പഞ്ചായത്ത് ശ്രമിക്കുന്നത്. നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് മികവിന്റെ പുതിയ മേഖലകൾ എത്തിപ്പിടിക്കാനുള്ള ആസൂത്രിത പ്രവർത്തങ്ങളുടെ ആധികാരിക മാർഗരേഖയാകാൻ ഈ വാർഷിക ബഡ്ജറ്റിന് കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് കോഡൂർ പഞ്ചായത്തിന്റെ 2026-27 ബജറ്റിന്റെ അവതരണത്തിനായി വൈസ് പ്രസിഡന്റിനെ സാദരം ക്ഷണിക്കുന്നു.

# <u>ബജറ്റ് നോട്ട്</u>

കോഡൂർ ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് 2026-27

(അവതരണം: ശ്രീമതി ജുമൈല വരിക്കോടൻ വൈസ് പ്രസിഡന്റ് കോഡൂർ ഗ്രാമപഞ്ചായത്ത്)

തിയ്യതി 03.03.2026 ചൊവ്വ 10:30 AM

ആദരണീയരായ പ്രസിഡണ്ട്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ ഉൾപ്പെടെയുള്ള സഹപ്രവർത്തകർ ഘടകസ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥർ, മറ്റു ജീവനക്കാർ പ്രിയപ്പെട്ട പഞ്ചായത്ത് നിവാസികളെ,

കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2026/27 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്ന ഈ മഹത്തായ അവസരത്തിൽ ഏറെ അഭിമാനത്തോടെയും ഉത്തരവാദിത്വബോധത്തോടെയും ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നു. 2020 നവംബർ മാസത്തിൽ അധികാരത്തിലേറിയ കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 2025 ഡിസംബർ 19 ന് കാലാവധി പൂർത്തിയാക്കിയതിന്റെ തുടർച്ചയായിട്ടാണല്ലോ പുതിയ ഭരണസമിതി നിലവിൽ വന്നിരിക്കുന്നത്. നവംബർ 20ന് ചുമതല ഏറ്റെടുത്തുവെങ്കിലും ബജറ്റ് എന്നത് ഒരു തുടർപ്രക്രിയയായതിനാൽ മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ തുടർച്ചക്കൊപ്പം കാലാനുസൃത മാറ്റങ്ങളും പുതിയ സാധ്യതകളും ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിന്റെ സമഗ്രമായ വികസനം തന്നെയാണ് ഈ ബജറ്റും ലക്ഷ്യമിടുന്നത്.

കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ, വിശിഷ്യാ ആരോഗ്യ- വിദ്യാഭ്യാസ- കാർഷിക- അടിസ്ഥാന വികസന മേഖലകളിലുണ്ടായിട്ടുള്ള മുന്നേറ്റം ശ്രദ്ധേയമാണ്. എന്നിരുന്നാലും ചില മേഖലകൾക്ക് ഇനിയും ഊന്നൽ നൽകേണ്ടതുണ്ട്. പ്രധാനമായും മാലിന്യ സംസ്കരണമേഖലയിൽ ഇനിയും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശ്വസിക്കാനുള്ള വായു പോലും വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന, മെട്രോപൊളിറ്റൻ സിറ്റികളിൽ ഓക്സിജൻ ക്ലിനിക്കുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന പുതിയ കാലത്ത് ജീവജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഓക്സിജൻ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. കലർപ്പില്ലാത്ത വായു ലഭിക്കാൻ മാലിന്യ സംസ്കരണത്തിൽ ശ്രദ്ധവെക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ടുതന്നെ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും പ്രകൃതിയോടിണങ്ങിയും നമുക്കിനിയും മുന്നോട്ടു പോകേണ്ടതുണ്ട്. ഇതിനായി ദേശീയ ഹരിത ട്രിബ്യൂണലിൻറെ ഉത്തരവുകൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കണമെന്ന നിർദ്ദേശം ഓരോന്നായി നമ്മൾ പാലിച്ചു വരികയാണ്.

ഹരിത കർമ്മ സേനയുടെ സഹകരണത്തോടെ വീടുകളിൽ നിന്നും പ്ലാസ്റ്റിക്, റിജക്റ്റഡ് വേസ്റ്റ് മാലിന്യങ്ങൾ നിലവിൽ ശേഖരിച്ച് വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ എംസിഎഫ് സെന്റർ കത്തി നശിച്ചിട്ടും മാലിന്യ ശേഖരണ പ്രവർത്തനങ്ങക്ക് നാമൊരു മുടക്കവും വരുത്തിയിട്ടില്ല. മലപ്പുറം മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന പ്രദേശമായതിനാലും സ്ഥല ലഭ്യതയുള്ളതുകൊണ്ടും വികസന സാധ്യത ഏറ്റവും കൂടുതലുള്ള പ്രദേശമാണ് കോഡുർ പഞ്ചായത്ത്. ആയതിനാൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്.

മാലിന്യങ്ങൾ കത്തിക്കുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുകയും ഖരമാലിന്യനിർമാജ്ജന ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ ഫൈൻ ഈടാക്കുക്കുകയും ചെയ്യണം. പുതിയതായി ആരംഭിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനും അവ കൃത്യമായ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിൽ ശ്രദ്ധിക്കുകയും വേണം. നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പരാതി ലഭിച്ചാൽ ഉടനടി

പരിശോധന നടത്തി തുടർനടപടി സ്വീകരിക്കണം. വ്യാപാരികൾ സ്വകാര്യസ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ ടാക്സി/ ഓട്ടോ തൊഴിലാളികൾ പഞ്ചായത്ത് നിവാസികൾ, സന്നദ്ധ സംഘടനകൾ എന്നിവരോടെല്ലാം ചേർന്ന് കൂടിയാലോചനകൾ നടത്തി ഏവർക്കും സ്വീകാര്യമായ പൊതുമാലിന്യ സംസ്കരണ സംവിധാനം ആവിഷ്കരിക്കണം.

വസിക്കാൻ ഒരു വീട് ഏവരുടെയും സ്വപ്നമാണ്. വീടില്ലാത്തവർക്ക് സുരക്ഷിത ഭവനം ഒരുക്കുന്നതിന് സർക്കാർ ലൈഫ് ഭവന പദ്ധതി പ്രഖ്യാപിക്കുകയും അർഹരായ ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചു നൽകുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ, ഗുണഭോക്താക്കളെ കണ്ടെത്താനുള്ള മാനദണ്ഡത്തിൽ, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരു വ്യക്തിക്ക് വീട് എന്ന മാനദണ്ഡമുള്ളതിനാൽ കൂട്ടുകുടുംബമായി കഴിയുന്ന, വീടിന് അർഹതയുള്ള പലരും ലിസ്റ്റിൽ ഉൾപ്പെടാതെ പോയി. ഇതുവരെ ഈ മാനദണ്ഡത്തിൽ ഇളവ് വരുത്താത്തതിനാൽ ഒട്ടനവധി പേർ ഇപ്പോഴും വീട് നിർമ്മിക്കാനാവാതെ കഷ്ടപ്പെടുന്നു. ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നാല് ലക്ഷം രൂപയും വീട് നിർമ്മാണത്തിനുള്ള 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങിക്കുന്നതിന് ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും എസ് സി വിഭാഗത്തിന് 2.25 ലക്ഷം രൂപയുമാണ് അനുവദിച്ചു വരുന്നത്. ഇത്രയും തുച്ഛമായ വിലക്ക് വീട് നിർമ്മാണത്തിനനുയോജ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ പല ഗുണഭോക്താക്കൾക്കും സ്വന്തമായ വീട് എന്ന സ്വപ്നം സാധ്യമാവുന്നില്ല. അതിനാൽ തന്നെ ഓരോ വർഷവും വീട് നിർമ്മിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുന്നുണ്ട്. സർക്കാർ തലത്തിൽ പരിഹാരം കണ്ടാൽ മാത്രമേ ഈ വിഷയത്തിൽ പഞ്ചായത്തുകൾക്ക് ഇടപെടലുകൾ നടത്താൻ സാധിക്കൂ.

ഏതൊരു വികസനത്തിന്റെയും മേന്മയായി ജനങ്ങൾ കണക്കാക്കുന്നത് റോഡ് ഗതാഗതം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ്. കാലങ്ങളായുള്ള വികസനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും മെച്ചപ്പെട്ട നിലയിലാണെങ്കിലും സർക്കാറിൽനിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജലജീവൻ മിഷൻ പദ്ധതിയും ഇന്റർനെറ്റ് കേബിൾ, ഗ്യാസ് ലൈൻ പദ്ധതിയും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില റോഡുകൾ പൊളിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയ റോഡുകൾ ഒഴികെയുള്ള റോഡുകളുടെ അറ്റകുറ്റപ്പണി പഞ്ചായത്തിന് ലഭ്യമാകുന്ന മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടത്തണമെന്നാണ് നിർദ്ദേശം. എന്നാൽ ഇത്തരം റോഡുകൾ തൻവർഷം തന്നെ പഴയപടി പുനസ്ഥാപിക്കുന്നതിനുള്ള ഫണ്ട് പഞ്ചായത്തിന് ലഭ്യമല്ല. പരമാവധി റോഡുകൾ ഈ സാമ്പത്തിക വർഷം തന്നെ പുനസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്ലാൻ ഫണ്ടിൽ കാര്യക്ഷമമായ വർദ്ധനവില്ലാത്തത് പുതിയ റോഡുകളുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

കെട്ടിടമില്ലാത്ത അംഗണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുക, നിലവിലുള്ള അംഗണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയെല്ലാം പരമപ്രധാനമാണ്.

2025/26 സാമ്പത്തിക വർഷം കോഡൂർ പഞ്ചായത്തിന് അനുവദിക്കേണ്ടിയിരുന്ന ജനറൽ പർപ്പസ് ഫണ്ടിന്റെ 12 ഗഡുക്കളിൽ ഒമ്പത് ഗഡുക്കൾ മാത്രമാണ് നാളിതുവരെ അനുവദിച്ചത്. ഇനിയും മൂന്നു ഗഡുക്കൾ കൂടി അനുവദിക്കേണ്ടതുണ്ട്. ഇത് 66 ലക്ഷത്തി എൺപത്തൊന്നായിരത്തി തൊള്ളായിരം രൂപയോളം വരും. 2023/ 24 സാമ്പത്തിക വർഷം ഇത്തരത്തിൽ 9 ഗഡുക്കൾ മാത്രം അനുവദിച്ചതിന്റെ ഭാഗമായി പഞ്ചായത്തിന് 58 ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ് രൂപയുടെ സാമ്പത്തിക നഷ്ടം വന്നിട്ടുണ്ട്. എന്നാൽ ഈ തുക പിന്നീട് കുടിശ്ശികയായി നൽകിയിട്ടുമില്ല എന്നത് ഖേദകരമാണ്.

മൂന്ന് ഗഡുക്കളായിട്ടാണ് ബജറ്റ് പ്രകാരമുള്ള തുക സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നത്. ഇതിൽ ആദ്യ ഗഡു ഏപ്രിൽ മാസവും തുടർന്ന് നാലുമാസത്തെ ഇടവേളകളിൽ നൽകി ഡിസംബർ മാസത്തോടെ ഫണ്ട് വിതരണം പൂർത്തിയാക്കുകയുമാണ് ചെയ്യാറുള്ളത്. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവുമുതൽ ഈ സമയക്രമം പാലിച്ച് കാണുന്നില്ല. 2024/ 25 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ മൂന്നാം ഗഡു യഥാർത്ഥ സമയം പഞ്ചായത്തുകൾക്ക് അനുവദിക്കാതെ ട്രഷറിയിൽ ബില്ല് സമർപ്പിക്കേണ്ട തീയതിക്ക് ശേഷം അനുവദിച്ചത് മൂലം അലോട്ട്മെന്റ് എടുക്കാൻ കഴിയാതെ വരികയും പദ്ധതികൾ സ്പിൽ ഓവർ ആക്കി വരുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഇതിനെക്കാൾ മോശമായ സ്ഥിതിയാണ് തൻവർഷം നിലനിൽക്കുന്നത്. പ്ലാൻഫണ്ട് എസ്. സി. പി എന്നിവയുടെ 2 ഗഡുക്കൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് റോഡ്, റോഡിതരം ഇനത്തിൽ ഒരു ഗഡുവും. ഇത്തരത്തിൽ ഫണ്ട് അനുവദിക്കാത്തത് മൂലവും വൈകി അനുവദിക്കുന്നത് മൂലവും കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 20% സ്പിൽ ഓവർ പ്രവർത്തി ഏറ്റെടുക്കേണ്ടി വന്നതിനാൽ ഒരു വാർഷിക പദ്ധതി നടത്തിപ്പിനുള്ള പ്ലാൻ ഫണ്ട് മെയിന്റനൻസ് ഫണ്ട് തുകയാണ് പഞ്ചായത്തിന് നഷ്ടമായത്.

നിലവിൽ പഞ്ചായത്തുകളുടെ ഒരു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പ്രതിദിനം 10 ലക്ഷം രൂപ മാത്രമേ മാറി നൽകാവൂ എന്ന് ട്രഷറികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ തന്നെ കരാറുകാർ പ്രവർത്തി നടപ്പിലാക്കുന്നതിൽ നിന്നും പിന്തിരിയുകയും പഞ്ചായത്തുകളുടെ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. ഇത് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന ഫണ്ട് വിനിയോഗത്തെയും ബാധിക്കുന്നു. യഥാസമയം തുക മാറി നൽകിയില്ലെങ്കിൽ പദ്ധതികൾ സ്പിൽ ഓവറായി മാറ്റപ്പെടുന്ന സ്ഥിതി യുണ്ടാവുകയും ഓവർ പ്രവർത്തികൾക്കുള്ള തുക അടുത്ത വർഷത്തെ ബജറ്റ് തുകയിൽ നിന്ന് കണ്ടെത്തേണ്ടി വരുന്ന സാഹചര്യമുണ്ടാവുകയും ചെയ്യുന്നു.

പഞ്ചായത്തുകൾക്കായി കേന്ദ്രസർക്കാർ നൽകുന്ന ധനകാര്യ കമ്മീഷൻ ഗ്രാൻഡ് യഥാസമയം ലഭിക്കുന്നുണ്ടെങ്കിലും ഫണ്ട് വിനിയോഗ നിയന്ത്രണം പദ്ധതി നടത്തിപ്പിനെ ബാധിക്കുന്നു. പഞ്ചായത്തുകളുടെ പ്രാദേശിക സാധ്യത പരിശോധിച്ച് ഫണ്ട് വിനിയോഗം നടത്തുന്നതിന് സ്വാതന്ത്ര്യം നൽകുന്നതിന് പകരം അധികാര കേന്ദ്രീകരണ നയമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഫണ്ട് വിനിയോഗത്തിൽ സംസ്ഥാന സർക്കാരും ഇതേ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്.

മേഖലാ വിഭജനത്തിന് തുക മാറ്റിവെച്ചാൽ പഞ്ചായത്ത് മുൻതൂക്കം നൽകുന്ന പദ്ധതികൾക്കൊന്നും തുക ലഭ്യമല്ല എന്നതാണ് നിലവിലെ സ്ഥിതി. കുടിവെള്ള വിതരണം തെരുവ് വിളക്കുകളുടെ പരിപാലനം ഘടക സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം എന്നിവയെല്ലാം അനിവാര്യ ചുമതലകളായി നിർവഹിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാനം കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ്, വിനോദ നികുതി എന്നിവയാണ് ആയത് കുടിശ്ശികയില്ലാതെ പിരിച്ചെടുത്തും എല്ലാ സംരംഭങ്ങൾക്കും ലൈസൻസ് അനുവദിച്ചും വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് ബജറ്റ് ലക്ഷ്യമിടുന്നത്.

ബജറ്റിൽ പ്രതിപാദിച്ചിരിക്കുന്ന വകയിരുത്തലുകളുടെ സംക്ഷിപ്തം നിങ്ങളുടെ അറിവിലേക്കായി പരാമർശിക്കുന്നു.

## ഭവന നിർമ്മാണം

വീടില്ലാത്തവർക്ക് സുരക്ഷിതമായ വീടുകൾ ഒരുക്കും. ലൈഫ് ഭവന പദ്ധതി 2020 ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ 194 പേരിൽ 103 പേർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഭൂരഹിത, ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെട്ട 103 പേരിൽ 25 പേർ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 21 പേർക്ക് നിലവിൽ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു. 'മനസ്സോടിത്തിരി മണ്ണ്' എന്ന പദ്ധതിയിൽ സൗജന്യമായി ലഭിച്ച 10 സെന്റ് ഭൂമി 9ാം വാർഡിലെ രണ്ടുപേർക്ക് വീട് നിർമ്മാണത്തിനായി കൈമാറാൻ സാധിച്ചു. അതിദരിദ്ര ലിസ്റ്റിലുൾപ്പെട്ട വീടില്ലാത്ത ഗുണഭോക്താക്കളിൽ ഒരാൾക്ക് പുൽപ്പറ്റ പഞ്ചായത്തിൽ റവന്യൂ ഭൂമി ലഭ്യമാക്കുകയും നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു. അവശേഷിക്കുന്ന ഗുണഭോക്താവ് കോഡൂർ പഞ്ചായത്തിൽ തന്നെ വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വീട് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് പുറമേ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വീടുള്ളവർക്ക് വീട് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കേണ്ടതുണ്ട്. പാർപ്പിട മേഖലയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ബജറ്റിൽ 1 കോടി 75 ലക്ഷം രൂപ വകയിരുത്തുന്നു.

## കാർഷിക വികസന പദ്ധതികൾ

ശാസ്ത്രീയമായി കൃഷി രീതികൾ ഉപയോഗിച്ച് മാത്രമേ കാർഷിക ഉത്പാദാനത്തെ ശക്തിപ്പെടുത്താൻ സാധിക്കു. കുറഞ്ഞ സ്ഥലത്തു നിന്നും കുറഞ്ഞ മുതൽമുടക്കിൽ കേടുകൂടാതെ കൂടുതൽ വിളവ് ലഭ്യമായാൽ ഏത് കൃഷിയും ലാഭകരമാക്കാം. ഇതിന്റെ മുന്നോടിയായി വിവിധ വിളയിനങ്ങൾ കൃഷി ചെയ്യാൻ താല്പര്യമുള്ള പഞ്ചായത്തിലെ കർഷകരെ കണ്ടെത്തി ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2026 / 27 വർഷം മോഡൽ പ്ലോട്ടുകൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. തുടർ വർഷങ്ങളിൽ ഇത്തരം പ്ലോട്ടുകൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിനും ക്രമേണ പഞ്ചായത്തിലെ മുഴുവൻ കൃഷി രീതികളും പൂർണമായും ശാസ്ത്രീയ രീതിയിൽ നടത്തുന്നതിന് കർഷകരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ശാസ്ത്രീയവും കോഡൂരിന്റെ പരമ്പരാഗതവുമായ കൃഷിയെ സംയോജിപ്പിച്ച് മുന്നോട്ട് പോകുകയാണ് ലക്ഷ്യം. മോഡൽ പ്രൊജക്റ്റ് എന്ന രീതിയിൽ ഇതിനായി തൻ വർഷ ബജറ്റിൽ 1.80 ലക്ഷം രൂപ വകയിരുത്തുന്നു. വിഷ രഹിതമായ കാർഷികോല്പന്നങ്ങൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തെങ്ങ്, നെല്ല്, വാഴ തുടങ്ങിയ പരമ്പരാഗത കൃഷികൾ ജൈവ ഗ്രാമം പദ്ധതി എന്ന പേരിൽ നടപ്പിലാക്കും. പഞ്ചായത്ത് ഒറ്റ യൂണിറ്റായി കണ്ട് കർഷകരെ തെരഞ്ഞെടുത്ത് ജൈവവളം മാത്രം ഉപയോഗിച്ചുള്ള കൃഷി ആരംഭിക്കും. ഇതിനാവശ്യമായ ജൈവവളം കർഷകർക്ക് വിതരണം ചെയ്യും. കാലക്രമേണ ഈ കൃഷി രീതി പഞ്ചായത്തിലെ മുഴുവൻ കർഷകരിലേക്കും വ്യാപിപ്പിക്കുന്നതോടൊപ്പം ക്യാൻസർ ഉൾപ്പെടെയുള്ള വിവിധ രോഗങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പാക്കാനും ഈ കൃഷി രീതിക്ക് സാധിക്കും. പഞ്ചായത്തിലെ പ്രധാന കാർഷികവിളകളായ നെൽകൃഷിക്ക് 3.5 ലക്ഷം രൂപയും തെങ്ങ് കാമുക് ജാതി എന്നീ കൃഷികൾക്കായി 25 ലക്ഷം രൂപയും വാഴ, പച്ചക്കറി കൃഷികൾക്കായി യഥാക്രമം 3.6 ലക്ഷം രൂപയും 7.20 ലക്ഷം രൂപയും വകയിരുത്തുന്നു. ആകെ 61.72 ലക്ഷം രൂപയാണ് കാർഷിക മേഖലയ്ക്ക് മാത്രമായി ബജറ്റിൽ നീക്കി വെച്ചിട്ടുള്ളത്. ഇതോടൊപ്പം തന്നെ ഡിജിറ്റൽ കാലത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തി കർഷകരുടെ ഓൺലൈൻ കൂട്ടായ്മ രൂപീകരിച്ച് അവർ അവലംബിക്കുന്ന വ്യത്യസ്ത കാർഷിക ഉത്പാദന രീതികൾ മറ്റുള്ളവർക്ക് പരിചയപ്പെടുത്തും. ഏറ്റവും മികച്ച കർഷകനെ പഞ്ചായത്ത് തലത്തിൽ ആദരിക്കും. കർഷക കൂട്ടായ്മ ഗ്രൂപ്പിലൂടെ വിവരങ്ങൾ കൈമാറും. വിദഗ്ധരുടെ സഹായത്തോടെ കർഷകർക്ക് പ്രയോജനമാകുന്ന ക്ലാസുകൾ സംഘടിപ്പിക്കും.

സംയോജിത കൃഷി രീതി, വിളകളുടെ മാർക്കറ്റ് വാല്യൂ, ഉല്പാദന മികവിനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയവ കാലികമായി കൃഷിക്കാരുടെ ഇടയിലേക്കെത്തിക്കും. ഇത് കാർഷിക നഷ്ടം കുറക്കുന്നതിനും കൃഷിക്കാരിൽ ഉണർവുണ്ടാക്കുന്നതിനും സഹായിക്കും. പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഫലവൃക്ഷ തൈ വിതരണം ചെയ്യുന്ന പദ്ധതിയും 2026 /27 സാമ്പത്തിക വർഷം നടപ്പിലാക്കും അതോടൊപ്പം കൃഷി ഭവൻ കെട്ടിടത്തിൽ അധിക സൗകര്യം ഒരുക്കുന്നതിന് 20 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുന്നു.

## വന്യമൃഗ ശല്യം പരിഹരിക്കുന്നതിന് സോളാർ വേലി നിർമ്മാണം

മുൻവർഷങ്ങളെ അപേക്ഷിച്ച് പഞ്ചായത്ത് പ്രദേശത്ത് കുരങ്ങ്, കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമാണ്. കാർഷിക വിളകൾ നശിപ്പിക്കുന്നതോടൊപ്പം മനുഷ്യരുടെ ജീവനും ഇവ ഭീക്ഷണി സൃഷ്ടിക്കുന്നു. കാട്ടുപന്നികളെ കൊല്ലാൻ അനുമതിയുടെങ്കിലും ആയതിന് പരിമിതിയുണ്ട്. സോളാർ വേലി സ്ഥാപിച്ചാൽ ഒരു പരിധിവരെ വന്യമൃഗ ശല്യം തടയാൻ കഴിയും. ഇതിനായി മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സോളാർ വേലി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് വിഹിതമായി 4 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ഉറവിട മാലിന്യ സംസ്കരണം

മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്ന ഇടങ്ങളിൽ തന്നെ അവ സംസ്കരിക്കാനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കും. ഇതിനുവേണ്ടി വ്യക്തിഗത കമ്പോസ്റ്റ് യൂണിറ്റുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യും. പഞ്ചായത്തിന്റെ എല്ലാ ഘടകസ്ഥാപനങ്ങളും ദ്രവമാലിന്യനിർമ്മാർജ്ജന സംവിധാനം ഉറപ്പാക്കും. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും മാലിന്യമുക്ത പഞ്ചായത്തായി കോഡൂരിനെ മാറ്റുന്നതിനും ശ്രമമുണ്ടാകും. പ്ലാസ്റ്റിക് വേസ്റ്റ് ശേഖരണവും കയ്യൊഴിയലും കൂടുതൽ കാര്യക്ഷമമാക്കും. പ്ലാസ്റ്റിക് വേസ്റ്റ് കത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം ഫൈൻ ഈടാക്കുകയും ആയത് മാലിന്യനിർമാർജന പദ്ധതികൾക്കായി വിനിയോഗിക്കുകയും ചെയ്യും. എംസിഎഫ് സെന്ററിനായി സ്വന്തം സ്ഥലം കാലവിളമ്പം കൂടാതെ കണ്ടെത്തും. ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കും. വ്യക്തികത മാലിന്യനിർമാർജനത്തിനായി ബജറ്റിൽ 6 ലക്ഷം രൂപ വകയിരുത്തുന്നു.

## ഹരിതം കോഡൂർ – പൊതുമാലിന്യ നിർമ്മാർജ്ജനം

കോഡൂർ ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത ഹരിത പഞ്ചായത്താക്കി നിലനിർത്തുന്നതിന് എല്ലാവരുടെയും സഹകരണം അനിവാര്യമാണ്. പഞ്ചായത്തിലെ അങ്ങാടികളും അതുപോലെതന്നെ മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങളും വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. ഇവർ കാര്യക്ഷമമായി ജോലി ചെയ്തുവരുന്നു. പഞ്ചായത്തിന്റെ ശുചിത്വ പ്രവർത്തനങ്ങളും പരിപാടികളും ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനവും ലഭ്യമാണ്. ഹരിത കർമ്മ സേനയുടെ ക്രിയാത്മകമായ പ്രവർത്തനം മാലിന്യ സംസ്കരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്ന സഹകരണം ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. ഇതിന് തെളിവാണ് 2025 /26 സാമ്പത്തിക വർഷം പ്ലാസ്റ്റിക് മാലിന്യം കത്തിച്ചതിനും വേസ്റ്റുകൾ ഡംബ് ചെയ്ത ഇനത്തിലും 60നായിരം രൂപയോളം ഫൈൻ ഇനത്തിൽ ഈടാക്കിയത്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിന് നിരീക്ഷണ സംവിധാനം ഒരുക്കേണ്ടതുണ്ട്. ഇതിനായി സി സി ടിവി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. അതോടൊപ്പം എം സി എഫ് സെന്ററും സിസിടിവി പരിധിയിൽ കൊണ്ടുവരും

## ലഹരിമുക്ത കോഡൂർ പഞ്ചായത്ത്

കേരളമൊട്ടാകെ ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. രാസലഹരി ഉൾപ്പെടെയുള്ളവ സുഗമമായി ലഭിക്കുന്ന സ്ഥിതിയാണ്. ഈ അപകടാവസ്ഥയിൽ നിന്നും നമ്മുടെ കുട്ടികളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ഇതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകളും ലഹരി വിരുദ്ധ പരിപാടികളും സംഘടിപ്പിക്കും. ലഹരിക്കെതിരെ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകും. തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ രക്ഷിതാക്കളെയും അധ്യാപകരെയും കുട്ടികളെയും ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിക്കും. അതോടൊപ്പം പഞ്ചായത്തിലെ ക്ലബ്ബുകളെ സംഘടിപ്പിച്ച് ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തമാക്കും. ജനവാസം കുറവുള്ളതും ഒറ്റപ്പെട്ടതുമായ സ്ഥലങ്ങൾ നിരീക്ഷിക്കുന്നതിന് പോലീസ്, എക്സൈസ് എന്നിവരുമായി ചേർന്ന് പ്രത്യേക സംവിധാനമൊരുക്കും. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും കുട്ടികളെ ഏകോപിപ്പിച്ച് ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി കൂട്ടയോട്ടം സംഘടിപ്പിക്കും. ഈ പ്രവർത്തികളുടെ സുഗമമായ നടത്തിപ്പിനായി 50,000 രൂപ വകയിരുത്തുന്നു.

## സത്ഭരണം

പഞ്ചായത്ത് മുഖേന ലഭിക്കുന്ന സേവനങ്ങൾ ഓൺലൈനാക്കി മാറ്റുന്നതിനുള്ള കെ സ്മാർട്ട് സോഫ്റ്റ്‌വെയർ 2025 ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈനിൽ ലഭ്യമല്ല. ഓൺലൈൻ സേവനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് ഓഫീസിലും ഘടകസ്ഥാപനങ്ങളിലും ആവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങി സ്ഥാപിക്കും. പഞ്ചായത്ത് ഓഡിറ്റോറിയം നവീകരിച്ചിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും ചോർച്ച അനുഭവപ്പെടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് നടപടിയുണ്ടാകും. അതോടൊപ്പം പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള സോളാർ സംവിധാനം കെ എസ് ഇ ബിയുമായി ചേർന്ന് ഓൺ ഗ്രിഡ് സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കും. സുരക്ഷ കണക്കിലെടുത്ത് പഞ്ചായത്ത് ഓഫീസിന്റെ ഗേറ്റ് മാറ്റി സ്ഥാപിക്കും. ഈ ആവശ്യങ്ങൾക്കായി ബജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തുന്നു.

## ആരോഗ്യം

ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം പരമപ്രധാനമാണ്. സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവുകളും ആരോഗ്യ ഇൻഷുറൻസ് തുകയും ഇടത്തരം കുടുംബങ്ങൾക്ക് താങ്ങാവുന്നതിലുമപ്പുറമാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന എഫ് എച്ച് സി, സബ് സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും വർദ്ധിപ്പിക്കണം. ആശുപത്രികളിലേക്കാവശ്യമായ മരുന്നുകളുടെ ലഭ്യത പഞ്ചായത്ത് എല്ലാവർഷവും ഉറപ്പുവരുത്തുന്നുണ്ട്. ഇതുകൂടാതെ ഈവനിംഗ് ഒ.പി സൗകര്യവും ഏർപ്പെടുത്തി വരുന്നു. പി എച്ച് സി യുടെ വിപുലീകരണത്തിനായി 29 ലക്ഷം രൂപ ഹെൽത്ത് ഗ്രാൻഡ് ലഭ്യമായിട്ടുണ്ട്. താണിക്കൽ മെയിൻ സബ് സെന്റർ, പുളിയാട്ടുകുളം സബ് സെന്റർ എന്നിവയുടെ നിർമ്മാണത്തിനായി 27.5 ലക്ഷം രൂപ വീതവും ഹെൽത്ത് ഗ്രാൻഡ് അനുവദിച്ചിട്ടുണ്ട്. ഈ തുകകൾ കാര്യക്ഷമമായി വിനിയോഗിച്ചു തൻവർഷം തന്നെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ഒട്ടുമിക്കവരും ഇക്കാലത്തു ജീവിതശൈലീ രോഗങ്ങളാൽ കഷ്ടപ്പെടുന്നു. ആരോഗ്യ പരമായ ഭക്ഷണം, യോഗ, എക്സൈസ് എന്നിവയിലൂടെ രോഗനിയന്ത്രണ രോഗ നിയന്ത്രണത്തിനുള്ള മാർഗങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോധവൽക്കരണം നടത്തുകയും ആരോഗ്യ പരിപാലനത്തിനായി പഞ്ചായത്തിന്റെ പരിധിയിലുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കായി

ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുകയും ചെയ്യും. ആരോഗ്യവകുപ്പുമായി ചേർന്ന് ഭക്ഷ്യ വിതരണസ്ഥാപനങ്ങളിൽ പരിശോധന നടത്തി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കും. ഈ തുകയ്ക്ക് പുറമെ പി.എച്ച്.സി കെട്ടിടത്തിൽ അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി 30 ലക്ഷം രൂപ കൂടി ബജറ്റിൽ വകയിരുത്തുന്നു.

## മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേകം പ്രതിപാദിക്കുന്ന മേഖലകളിലൊന്നാണ് ക്ഷീരവികസനം. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതിനേക്കാൾ കൂടുതൽ പാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക്എത്തുകയാണ്. ഇതിന് പരിഹാരമെന്നോണം ഉത്പാദന ക്ഷമതയുള്ള കന്നു കുട്ടികളെ ഉൾപ്പെടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സബ്സിഡി മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നുണ്ട്. അതോടൊപ്പം കറവപ്പശുക്കൾക്ക് ആവശ്യമായ കാലിത്തീറ്റയും വിതരണം ചെയ്യാൻ നിർദ്ദേശിക്കുന്നു. പഞ്ചായത്തിലെ ഉപഭോക്താക്കൾക്കാവശ്യമായ പാൽ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉത്പാദിപ്പിക്കപ്പെടണമെന്നതാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി 36 പേർക്ക് കറവപ്പശുക്കളെ വിതരണം ചെയ്യാൻ 18 ലക്ഷം രൂപ വകയിരുത്തുന്നു. അതോടൊപ്പം നിലവിലുള്ള ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കറവപ്പശുക്കൾക്കാവശ്യമായ കാലിത്തീറ്റയും വിതരണം ചെയ്യുന്നു. ഇതിനായി ബജറ്റിൽ 7ലക്ഷത്തി 20നായിരം രൂപ വകയിരുത്തുന്നു.

## വനിതാ ക്ഷേമ പ്രവർത്തനങ്ങൾ – വരുമാന വർദ്ധിത പദ്ധതികൾ

കോഡൂർ ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യങ്ങളിൽ മുൻനിരയിലാണ് സ്ത്രീകളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനവും. ഈ ലക്ഷ്യം മുന്നിൽ കണ്ട് പെണ്ണാടുകളെ വിതരണം ചെയ്യൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നു. ഇതിനായി 4 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. അതോടൊപ്പം, കുടുംബശ്രീ മുഖേന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപണി കണ്ടെത്തുന്നതിനുമായി 1 ലക്ഷം രൂപയും വകയിരുത്തുന്നു. വനിതകൾക്ക് വ്യവസായ സംരംഭങ്ങൾക്കു വേണ്ടി 6 ലക്ഷം രൂപയും വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്കായി 7 ലക്ഷത്തി 50നായിരം രൂപയും ബജറ്റിൽ നീക്കിവെക്കുന്നു. കാർഷിക-കുടുംബശ്രീ വിപണി ശാക്തീകരിക്കുന്നതിനായി കോഡൂർ ഫെസ്റ്റ് നടത്തുന്നതിന് 50 തിനായിരം രൂപയും കോഡൂർ കൃഷിഭവൻ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പൊതുമാർക്കറ്റിൽ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നു. ഇതിനായി ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

## ആയുർവ്വേദ- ഹോമിയോ ഡിസ്പെൻസറിക്ക് സ്ഥലം വാങ്ങൽ

കഴിഞ്ഞ 10 വർഷത്തിലേറെയായി എൻ.എച്ച്. എം ന്റെ കീഴിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾക്ക് നാളിതുവരെ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നതിന് പി.എച്ച്.സി യുടെ ക്വാർട്ടേഴ്സ് കെട്ടിടത്തിലാണ്. ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നതിനാൽ ഈ കെട്ടിടം ഒഴിയണമെന്ന് ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ കത്ത് നൽകുകയും, ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2026 ഡിസംബർ വരെ സമയം ദീർഘിപ്പിച്ച് നല്കാൻ അനുമതിക്കായി ആയുർവ്വേദ എൻ.എച്ച്.എം ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. പഞ്ചായത്തിന് സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങേണ്ടതുണ്ട്. എന്നാൽ ഫെയർ വാല്യൂ നിരക്കിന് സ്ഥലം ലഭ്യമല്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി ലാൻഡ് വാല്യുവേഷന്റെ

അടിസ്ഥാനത്തിൽ സ്ഥലം വാങ്ങുന്നതിന് അനുമതി വാങ്ങേണ്ടതുണ്ട്. ഇപ്രകാരം സ്ഥലം വാങ്ങുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ 14 ലക്ഷം രൂപ വകയിരുത്തുന്നു.

## ജാഗ്രതാ സമിതി

പ്രാദേശിക തലത്തിൽ അതിക്രമങ്ങൾ തടയുന്നതിന് ജാഗ്രതാസമിതികൾക്ക് വലിയ പങ്കുണ്ട്. ഇത് സമൂഹത്തിൽ സുരക്ഷിതമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. നിയമ സഹായം ആവശ്യമുള്ള എല്ലാവർക്കും ആയത് ഉറപ്പാക്കും. പ്രതിമാസം ജാഗ്രത സമിതി യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതി വിലയിരുത്തും. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അക്രമങ്ങൾ തടയും. ഇക്കാര്യത്തിൽ സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് പ്രവർത്തിക്കും. ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിന് ബജറ്റിൽ 50,000 രൂപ വകയിരുത്തുന്നു.

## വയോജനക്ഷേമ പ്രവർത്തനങ്ങൾ

ഒരു പ്രദേശത്തിന്റെ വികസനത്തിൽ അവിടുത്തെ വൃദ്ധജനങ്ങളുടെ ആരോഗ്യത്തിനും സംരക്ഷണത്തിനും നിർണ്ണായകമായ പങ്കുണ്ട്. വയോജനക്ഷേമം മുൻനിർത്തി ഓരോരുത്തരുടെയും ആവശ്യങ്ങൾ കണ്ടെത്തുന്നതിന് വാർഡ് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും ഇതിനായി സർക്കാർ ഉത്തരവ് പ്രകാരം ചുമതപ്പെട്ടിട്ടുള്ള സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തും. ക്യാമ്പിൽ നിന്നും നിർണയിക്കപ്പെടുന്ന ഉപകരണങ്ങൾ വാങ്ങി വയോജനങ്ങൾക്ക് വിതരണം ചെയ്യും. വയോജനങ്ങൾക്ക് ഉല്ലാസയാത്ര സർക്കാർ അനുവദിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉല്ലാസയാത്ര സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും

## പട്ടികജാതിക്കാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം എന്നീ പദ്ധതികൾക്കൊപ്പം, ലൈഫ് ഭവന പദ്ധതി, വീട് റിപ്പയർ എന്നീ പദ്ധതികൾക്ക് കൂടി തുക വകയിരുത്തുന്നു.

## ബാലസഭ പ്രവർത്തനങ്ങൾ

സർഗ്ഗശേഷിയും ബുദ്ധിവികാസവുമുള്ള പുതുതലമുറയെ വാർത്തെടുക്കേണ്ടത് നമ്മുടെ കടമയാണ്. പഞ്ചായത്തിലെ കുട്ടികളുടെ വികസനം ലക്ഷ്യമിട്ട് ബാലസഭ പ്രവർത്തനം തുടർന്നും നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കുട്ടികളുടെ സർഗാത്മകശേഷിയും കായിക ക്ഷമതയും ബുദ്ധിവികാസവും ബാലസഭ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നു. കുട്ടികളുടെ ഇടയിൽ പൊതുജനാധിപത്യബോധം സൃഷ്ടിക്കുന്നതിനും ബാലസഭ സഹായിക്കുന്നു. കുട്ടികളുടെ പാർലമെന്റ്, വെക്കേഷൻ സമയത്തെ ക്യാമ്പുകൾ എന്നിവയെല്ലാം ബാലസഭയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങളാണ്. ഇതിനായി ബജറ്റിൽ 1 ലക്ഷം രൂപ മാറ്റിവെക്കുന്നു.

## ഭിന്നശേഷിക്കാരുടെ ക്ഷേമം

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമം കണക്കിലെടുത്ത് സ്കോളർഷിപ്പ് ഉല്ലാസയാത്ര എന്നിവയ്ക്ക് പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട് 2013 ആരംഭിച്ച പഞ്ചായത്തിലെ ബഡ്സ് സ്കൂൾ മുൻവർഷം വരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച വന്നിരുന്നത്. സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ കുട്ടികളും അധ്യാപകരും ഒരുപോലെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു എന്നാൽ 2025 26 വർഷം ബഡ്സ് സ്കൂളിന് സ്വന്തം കെട്ടിടം എന്ന സ്വപ്നം യാഥാർത്ഥ്യമായി സ്കൂളിന്റെ പ്രവർത്തനത്തിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിവർഷം 17 ലക്ഷത്തോളം രൂപ ചെലവഴിക്കുന്നു. കുട്ടികൾക്ക്

സ്കോളർഷിപ്പ് നൽകുന്നതിന് പുറമെയുള്ള തുകയാണിത് സ്കൂളിലേക്ക് ആവശ്യമായ ഫർണിച്ചറുകളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന പദ്ധതി തുടർന്നുവരുന്നു. സ്കൂളിലേക്ക് ആവശ്യമായ മാലിന്യ സംസ്കരണ ഉപാധികൾ വാങ്ങുന്നതിന് 1ലക്ഷത്തി 50നായിരം രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 2 ലക്ഷം രൂപയും ബജറ്റിൽ ഉൾക്കൊള്ളിക്കുന്നു. അതോടൊപ്പം ബഡ്സ് വിദ്യാർഥികളുടെ മാതാപിതാക്കൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽ പരിശീലനം നൽകാനും ലക്ഷ്യമിടുന്നു. ഇതിനായി 5 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## അങ്കണവാടികൾ

ഓരോ പ്രദേശത്തിന്റെയും അടിസ്ഥാന വികസനത്തിൽ അങ്കണവാടികൾക്ക് പ്രധാന പങ്കുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇനിയും നാല് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ഇതിനായി സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ഉയർന്ന സ്ഥല വിലയാണ് ഇതിന് തടസ്സം നിൽക്കുന്നത്. ആയത് പരിഹരിക്കുന്നതിന് ശ്രമം നടത്തും. അവശേഷിക്കുന്ന അങ്കണവാടികൾക്ക് കൂടി സ്ഥലം ലഭ്യമാക്കി കെട്ടിട നിർമ്മാണം ആരംഭിക്കും. നിലവിലുള്ള അംഗണവാടികളുടെ പശ്ചാത്തല സൗകര്യം വികസിപ്പിക്കും അങ്കണവാടികളിലേക്കാവശ്യമായ കളിപ്പാട്ടങ്ങളും ബേബി ചെയറുകളും വാങ്ങി നൽകും. എല്ലാ അംഗണവാടികളിലും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തും. ഇതിനായി വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കും. ഫർണിച്ചറുകൾ ലഭ്യമല്ലാത്ത മുഴുവൻ അങ്കണവാടികൾക്കും ആയത് ലഭ്യമാക്കും.

## ഹാപ്പിനെസ്സ് പാർക്ക്

ജനങ്ങളുടെ സന്തോഷവും സമാധാനവും സംരക്ഷിക്കേണ്ടതുണ്ട്. അത് സുഗമമായ മുന്നോട്ടുപോക്കിന് അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിലെ ആബാലവൃദ്ധ ജനങ്ങൾക്കും ഒത്തുചേരുന്നതിനും ഉല്ലാസത്തിനുമായി വടക്കേമണ്ണ ഗ്രൗണ്ടിന് സമീപം ഹാപ്പിനെസ്സ് പാർക്ക് സ്ഥാപിക്കും. എല്ലാ ആഴ്ചാവസാനവും, പ്രത്യേക ദിവസങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും. റിഫ്രഷ്മെന്റ്, വിവിധ ഗെയിംസ്, സ്റ്റേജ് പ്രോഗ്രാം അവതരിപ്പിക്കുന്നതിനുള്ള സംവിധാനം എന്നിവ പാർക്കിൽ ക്രമീകരിക്കും. ഈ ആവശ്യത്തിനായി ബജറ്റിൽ 8 ലക്ഷം രൂപ വകയിരുത്തുന്നു.

## മധുരം മലയാളം

അടിസ്ഥാന വിദ്യാഭ്യാസത്തിനുള്ള എല്ലാ സൗകര്യവും ഉപയോഗിച്ചിട്ടും പത്താം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പോലും മാതൃഭാഷ എഴുതാനും സ്ഫുടമായി വായിക്കാനും അറിയില്ലെന്ന് വിദ്യാഭ്യാസ വകുപ്പ് തന്നെ തുറന്നു സമ്മതിക്കുന്ന കാര്യമാണ്. ആയതിനാൽ നാലാം ക്ലാസ്സിൽ എത്തുമ്പോഴേക്കും എല്ലാ വിദ്യാർത്ഥികളും മലയാളം സ്ഫുടമായി വായിക്കാനും തെറ്റില്ലാതെ എഴുതാനും പഠിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി മധുരം മലയാളം പദ്ധതി നടപ്പിലാക്കും. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കിടയിലാണ് പദ്ധതി നടപ്പിലാക്കുക. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകും.

## മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ

രോഗാതുരമായ ഒരു സമൂഹം ആ പ്രദേശത്തിന്റെ വികസനത്തെ സാരമായി ബാധിക്കും. ഓരോ രോഗങ്ങളും ആരംഭത്തിൽ തന്നെ കണ്ടെത്തി അതിനുള്ള ചികിത്സ ലഭ്യമാക്കിയാൽ ജനങ്ങളുടെ ആരോഗ്യത്തെയും സാമ്പത്തിക ഭദ്രതയെയും പരിധിവരെ സംരക്ഷിക്കാൻ സാധിക്കും. ഈ ലക്ഷത്തോടെ സന്നദ്ധ സംഘടനകളുടെയും വിവിധ ആശുപത്രികളുടെയും സഹായത്തോടെ വിവിധ രോഗങ്ങൾ ആരംഭത്തിൽ തന്നെ കണ്ടെത്തുന്നതിനായി പഞ്ചായത്ത്തല അലോപ്പതി, ആയുർവേദം, ഹോമിയോ ക്യാമ്പുകൾ പ്രത്യേകം സംഘടിപ്പിക്കും. ഇത്തരത്തിൽ കണ്ടെത്തുന്ന രോഗികൾക്ക് ചികിത്സ

ഉറപ്പാക്കും ജീവിതശൈലി രോഗങ്ങൾ ഉള്ളവരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി തുടർ പരിശോധനയ്ക്ക് വിധേയരാക്കും.

## കുട്ടി ക്യാമ്പ്

കുട്ടികളുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ലഹരി വസ്തുക്കളുടെ ഉപയോഗം, മറ്റ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നും കുട്ടികളെ പിന്തിരിപ്പിക്കുന്നതിനും വേണ്ടി വിവിധ സ്പോർട്സ്, ഗെയിംസ് ഇനങ്ങളിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകും. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളെ ഉൾപ്പെടുത്തി കോഡൂർ പ്രീമിയർ ലീഗ് ഫുട്ബോൾ മത്സരം സംഘടിപ്പിക്കും. ഇത്തരത്തിൽ പഞ്ചായത്ത് തല ടീം രൂപീകരിക്കും. സമീപപ്രദേശങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ ഹോക്കി താരങ്ങൾ ഉള്ളത് കോഡൂർ ഗ്രാമപഞ്ചായത്തിലാണ്. ഇവർക്കാവശ്യമായ സ്പോർട്സ് കിറ്റ് നൂതന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കും.

## റോഡുകളുടെ പരിപാലനം

റോഡുകളുടെ നിർമ്മാണം പോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് റോഡുകളുടെ പരിപാലനവും. പഞ്ചായത്തിലെ ചില റോഡുകൾ ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിച്ചത് മൂലം ഗതാഗതയോഗ്യം അല്ലാതായി തീർന്നിരിക്കുകയാണ്. ഇത്തരത്തിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. അതോടൊപ്പം കേടായ മറ്റ് റോഡുകളും ഗതാഗതയോഗ്യമാക്കും. റോഡുകളുടെ മെയിന്റനൻസ് ആയി ലഭിക്കുന്ന ഒരു കോടി 63 ലക്ഷം രൂപ ഇതിനായി വിനിയോഗിക്കും.

## കെട്ടിട വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യൽ

